"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം-ബൈപ്പാസ് റോഡിന്റെ വികസനം - എൽ.എ.ആർ. 204/09 നമ്പർ കേസിന്റെ ബാലൻസ് തുക - 4217-60-800-93 Payment of Compensation in LAR Cases എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.415/2025/LSGD** **തീയതി, തിരുവനന്തപുരം, 10-02-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ 204/2009 നമ്പർ കേസിന്മേലുള്ള 31/01/2013-ലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 1124/2018/റവ, തീയതി, 27/03/2018.
3. സ.ഉ.(സാധാ) നം. 32/2019/ധന, തീയതി, 18/03/2019.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17/08/2024-ലെ കെ10-78931/2013 നമ്പർ കത്ത്.
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09/12/2024-ലെ എ3/2635/14/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം-ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 204/09 നമ്പർ കേസിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിന്നും, അനുവദിച്ച 28,13,711/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (5) കത്ത് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. പരമാർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന തുക '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റിക്ലപ്പ് ചെയ്യണമെന്ന് പരാമർശം (4) കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം-ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ നം. 46-

ൽഉൾപ്പെട്ടതും ശ്രീ. ജി. ഹരികുമാറിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.76 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 204/09 നമ്പർ കേസിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും, അനുവദിച്ച 28,13,711/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റീക്രൂപ്പ് ചെയ്യുന്നതിന് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/174/2024/തസ്വഭവ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 10-02-2025 17:56:54
സെക്ഷൻ ഓഫീസർ